മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനുള്ള ഉപകരണങ്ങൾ കിട്ടാനുള്ള വിഷമതയുണ്ട്, ഇപ്പോഴത്തെ വില്ലേജു ലൈബ്രറികൾ അതിനു സൌകര്യപ്പെട്ടതുമല്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഇവിടെ കൊള്ളികൃഷി നടത്തിയിരുന്ന കാലത്തു്, കൃഷിനടത്തുന്നതായ സമ്പ്രദായത്തെ കുറിച്ചു് ജനങ്ങൾക്കു് പരിശീലനം കൊടുക്കുന്നതിനു വേണ്ടി വില്ലേജുതോറും സിനിമാപ്രദർശനങ്ങൾ നടത്തിയിരുന്നുവല്ലൊ, ആ ഉപകരണങ്ങൾ കൊണ്ടു് ഇതു് നിവ്വഹിക്കുവാൻ സാധിക്കയില്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇവിടെ വിഷ്വൽ എഡ്യുക്കേഷന്റെ കാര്യമാണു് പറയുന്നതു്. കൊള്ളികൃഷിയുടെകാര്യമല്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: സർ, മന്ത്രിക്കു മനസ്സിലായില്ല. എന്താണു് ഗവൺമെണ്ടിനു് ഇതിലുള്ള വിഷമം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആ ചോദ്യത്തിനുള്ള ഉത്തരമാണു് വിഷ്വൽ എഡ്യുക്കേഷന്റെ കാര്യത്തിൽ മറുപടി പറഞ്ഞിട്ടുള്ളതു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ചലന ചിത്രം മുഖേന പൊതുജനങ്ങൾക്കു് വേണ്ട അറിവു് കൊടുക്കുവാനുള്ള ഏർപ്പാടാണെന്നാണു് അദ്ദേഹത്തിന്റെ ചോദ്യംകൊണ്ടു് ഞാൻ ധരിച്ചിട്ടുള്ളതു്. ആ നിലയിലാണു് ഞാൻ ചോദിക്കുന്നതു് അതിനു് പണമില്ലെ; അറിവില്ലെ;തലയില്ലെ; എന്താണു് അതിനു വിഷമം എന്നു്?

Mr. President : What is the information the member wants, briefly?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനെ കുറിച്ചു ഗവൺമെണ്ടു് ഒരു തീരുമാനം എടുത്തു കഴിഞ്ഞിട്ടില്ലെന്നു് പറഞ്ഞുകഴിഞ്ഞു. അതിനുവേണ്ടതായ തീരുമാനം എടുത്തുകഴിഞ്ഞാൽ മാത്രമേ പണമില്ലാത്തതുകൊണ്ടോ, അറിവില്ലാത്തതുകൊണ്ടോ, തലയില്ലാത്തതുകൊണ്ടോയെന്നു് പറയുവാൻ നിവൃത്തിയുള്ളൂ.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഈ കാര്യത്തിൽ ഗവൺമെണ്ടിന്റെ തല്പരിതമായ ശ്രദ്ധ ചെലുത്തുവാൻ സാധിക്കുമോയെന്നാണു് ചോദിക്കുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനുള്ള മറുപടിയൊക്കെ പറഞ്ഞുകഴിഞ്ഞു.

Mr. President: That has been answered already.

Mr. M. K. Raja *(Mulakunnathukavu):* Is there not a scheme before the Government to get down half a dozen projctors and some educational films to start the scheme of visual education?

Mr. P. Govinda Menon *(Minister for Food and Education):* Yes, Sir.

Mr. K. Balakrishna Menon *(Cheruthuruthi):* Has it come to your notice ?

Mr. P. Govinda Menon *(Minister for Food and Education) :* Yes.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അഡൈ്വസറി കമ്മിറ്റിയുടെ റക്കമെൻഡേഷൻ എന്നാണു് ഉണ്ടായതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസ്സുവേണം.

POTATOES—CULTIVATION OF

34. മിസ്റ്റർ എം. കെ. വർഗ്ഗീസ്സു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി നൽകുമോ.—

(എ) ഒരു ഏക്കു് സ്ഥലത്തു് ഉരുളൻകിഴങ്ങു് (Potatoes) കൃഷി ചെയ്യാൽ സാധാരണയായി എത്ര റാത്തൽ കിഴങ്ങു കിട്ടും;

(ബി) ഫസ്ർസ്സു-ാമാണ്ടിൽ നെല്ലിയാമ്പതിയിൽ എത്ര ഏക്കു് സ്ഥലത്തു ഉരുളൻ കിഴങ്ങു് കൃഷി ചെയ്തു;

(സി) മേൽപറഞ്ഞ കൃഷിയിൽനിന്നു എത്ര റാത്തൽ കിഴങ്ങു കിട്ടി;

(ഡി) ടി കൃഷിക്കു എത്ര ഉറുപ്പിക ചിലവായി;

(ഇ) ടി കൃഷിയിൽനിന്നുള്ള വരവു് എത്ര ഉറുപ്പിക?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) കാലാവസ്ഥ നന്നായാൽ ഒരു ഏക്കു് സ്ഥലത്തു് സാധാരണയായി നീലഗിരിയിൽ രണ്ടു മുതൽ മൂന്നു ടൺ (അയതു് ൪,൪൭൦ മുതൽ ൬,൭൨൦ പൌണ്ടു്) വരെ ഉരുളൻ കിഴങ്ങു കിട്ടാം.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉ ഫ ഏക്ക് സ്ഥലത്ത്.
(സി) ന്യ ന്യ, ഒ വ്യ ഫ റാത്തൽ.
(ഡി) ക. ഫ ന്യ, ൻ ഒ ഠ — ങ — ന്യ.
(ഇ) ക. ന്യ, വ്യ ൻ ൻ — ഫ ഡ — ഒ.

മിസ്റ്റർ എം. കെ. വർഗ്ഗീസ്: ഈ സ്ഥലത്ത് കൃഷി ഇത്ര മോശമാകാനുള്ള കാരണമെന്താണ്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: കൃഷി മോശമാകാനുള്ള കാരണങ്ങൾ അമിതമായ വഷ്ം, കിഴങ്ങുകൾക്ക് കേട് ഇങ്ങിനെയുള്ള രണ്ടു കാരണങ്ങളാണ് പ്രധാനമായത്. പിന്നെ ആ സ്ഥലത്ത് ഉരുളൻ കിഴങ്ങ് കൃഷി ആദ്യമായിട്ടാണ് നടത്തുന്നത്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: അവിടെ ഇപ്പോഴും ഈ കൃഷി നടത്തുന്നുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇപ്പോഴും ഉണ്ട്. എങ്കിലും വളരെ കുറച്ചിട്ടുണ്ട്. ഒ ഠ ഏക്കർ സ്ഥലത്താണ് കൃഷിചെയ്യുന്നത്.

മിസിസ്സ് കെ. എം. ആർ. മേനോൻ: നെല്ലിയാമ്പതിയിൽ ആദ്യമായിട്ടാണോ ഈ കൃഷി നടത്തുന്നത്?

മസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതെ.

മിസിസ്സ് കെ. എം. ആർ. മേനോൻ: ഈ കൊല്ലത്തെ വിളവെടുത്തുവോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇല്ല.

മിസ്റ്റർ എം. കെ. വർഗ്ഗീസ്: ഈ സ്ഥലം ഉരുളൻ കിഴങ്ങ് കൃഷിക്ക് പറ്റിയ സ്ഥലമാണോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: കുറച്ചുകാലം കൃഷിചെയ്തു നോക്കിയാലല്ലാതെ തല്ക്കാലം അതു പറ്റിയ സ്ഥലമാണോയെന്ന് പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. ടി. അച്യുതൻ: കൃഷി നടത്തുന്നതിന്ന് മുമ്പ് ആ സ്ഥലം ഇതിന്ന് പറ്റിയതാണോയെന്ന് ബോട്ടണി എക്സ്പർട്ടിന്ന പറയുവാൻ കഴിയുകയില്ലെ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: മുഴവനും ശാസ്ത്രീയമായ പരിക്ഷണംകൊണ്ട് സാദ്ധ്യമായിയെന്ന് വരികയില്ല. കുറെയൊക്കെ പരിചയവും വേണം. കാലാവസ്ഥയും നന്നായിരിക്കണം.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: പതിനാറായിരം ഉറുപ്പിക ചിലവാക്കീട്ട് ആറായിരം ഉറുപ്പികമാത്രമെ അതിൽനിന്ന കിട്ടീട്ടുള്ളു. അങ്ങിനെ വലിയൊരു നഷ്ടം വന്നിട്ടുണ്ട്, അതിന്ന പ്രധാനകാരണം ഉള്ള കിഴങ്ങ് വേണ്ടതരത്തിൽ ചന്തയിലേക്കയച്ചു വില്ക്കാത്തതുകൊണ്ടല്ലേ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: നോട്ടീസ്സുവേണം.

മിസ്റ്റർ എം കെ. വർഗ്ഗീസ്: ഈവക കൃഷിക്ക് പരിചയമുള്ള ആളല്ലെ അവിടത്തെ മാനേജർ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതെ.

മിസ്റ്റർ പി. നാരായണമേനോൻ: ഇതു ഫാറം കൃഷിപോലെ ഡമോൺസ്ട്രേഷനു വേണ്ടി നടത്തുന്നതാണോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അല്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: അവിടെ വേറെ വല്ല കൃഷിയും നടത്തുന്നുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഉണ്ട്. ഓറൻജ് കൃഷി നടത്തുന്നുണ്ട്.

DEPRESSED CLASS COLONY AT KUTTUR—STARTING OF

35. Mr. M. K. Raja *(Mulakunnathukavu)*: Will Government be pleased to state.—

(*a*) whether representations have been received by them regarding the starting of a Depressed Class colony at Kuttur in Trichur Taluk;

(*b*) what action has been taken in response to their representations?

Rao Rahib K. Ayyappan *(Minister for Public Works)*:

(*a*) Yes.

(*b*) The request could not be granted as there was no poramboke land available for the purpose in the locality.

LIBRARY ARCHIVES Kerala Legislative Assembly